## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ** 710

28.02.2018-ൽ മറുപടിയ്ക്ക്

### സമഗ്ര ക്ഷീരവികസനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| സമഗ്ര ക്ഷീര വികസനം, ക്ഷീരഗ്രാമം എന്നീ പദ്ധതികളിലൂടെ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന കാര്യങ്ങൾ വിവരിക്കാമോ ? | 2017-18 വർഷം സംസ്ഥാനത്ത് വ്യക്തമായ ഡയറി മേഖലകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടു കൂടി 50 potential ബ്ലോക്കുകളെ തെരഞ്ഞെടുത്തുകൊണ്ട് 22 കോടി രൂപ പദ്ധതി വിഹിതമായി ഉൾപ്പെടുത്തി "ഡയറി സോൺ" പദ്ധതി നടപ്പിലാക്കി വരുന്നു.ക്ഷീര വികസന സാധ്യത കൂടുതൽ ഉള്ള സ്ഥലങ്ങളിൽ കൂടുതൽ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി മെച്ചപ്പെട്ട പാൽ ഉല്പാദനം ഉറപ്പാക്കി ആദായകരമായ ക്ഷീരവൃത്തി സാധ്യമാക്കുക എന്നതാണ് സോൺ രൂപീകരണം കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. അഞ്ച് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട അഞ്ച് ഗ്രാമ-പഞ്ചായത്തുകളിൽ ഒരു കോടി രൂപ വീതം ചെലവിട്ട് ആകെ അഞ്ച് കോടി രൂപ മുതൽ മുടക്കി ആണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ, ആലപ്പുഴ ജില്ലയിലെ മണ്ണാഞ്ചേരി, തൃശ്ശൂർ ജില്ലയിലെ ചാഴൂർ, പാലക്കാട് ജില്ലയിലെ പറളി എന്നീ 5 ഗ്രാമപഞ്ചായത്തുകളിലാണ് ടി പദ്ധതി നടപ്പുവർഷം നടപ്പിലാക്കി വരുന്നത്. 2017-18 വർഷം സമഗ്ര ക്ഷീരവികസനം എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**